# 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 315** **16-09-2025 - ൽ മറുപടിയ്ക്ക്**

## നിത്യോപയോഗസാധനങ്ങളുടെ വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ പൊതുമാർക്കറ്റിൽ ലഭ്യമാക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | ഈ ഓണത്തോടനുബന്ധിച്ച് നിരവധി പ്രവർത്തനങ്ങളാണ് വിലക്കയറ്റം തടയുന്നതിനും പൊതുജനങ്ങൾക്ക് യഥേഷ്ടം സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി വകുപ്പിന്റെ ഭാഗത്തു നിന്നും നടത്തിയത്.<br><br>**റേഷൻകടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി**<br><br>NFSA നിയമ പ്രകാരം സംസ്ഥാനത്തെ റേഷൻ വിതരണം 43% ജനങ്ങളിലേക്ക് അതായത് ഒരു കോടി അൻപത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപത് ഗുണഭോക്താക്കളിലേക്ക് ചുരുങ്ങി. 1965 മുതൽ സാർവ്വത്രിക റേഷനിംഗ് ലഭിച്ചുപോന്ന സംസ്ഥാനത്തിന് പുതിയ നിയമത്തിലൂടെ കേന്ദ്രം അടിച്ചേൽപിച്ച വ്യവസ്ഥകൾ വലിയ പ്രയാസം സൃഷ്ടിച്ചു. റേഷൻ കവറേജിന് പുറത്തു പോയ സംസ്ഥാന ജനസംഖ്യയിലെ 57% വരുന്ന മുൻഗണനേതര വിഭാഗത്തെ സംസ്ഥാന സർക്കാർ കയ്യൊഴി യാതിരിക്കുകയും പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority Subsidy) കാർഡിലെ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2കിലോഗ്രാം വീതവും, വെള്ള (Non Priority Non-Subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്തു വരുന്നു.<br><br>ഓണം പോലുള്ള ഉത്സവ വേളകളിൽ വിപണിയിൽ ഭക്ഷ്യ ധാന്യ ലഭ്യത കുറയുകയും വിലക്കയറ്റത്തിന് ഇടയാക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിനു വേണ്ടി മുൻഗണനേതര വിഭാഗത്തിന് ഉൾപ്പെടെ പ്രത്യേക വിഹിതം വിതരണം ചെയ്യാൻ |

സർക്കാർ തയ്യാറായി. പിങ്ക് (PHH) കാർഡിന് 5 കിലോഗ്രാം അരിയും, നീല (Non Priority Subsidy) കാർഡിന് 10 കിലോഗ്രാം അരിയും, 10.90 രൂപ നിരക്കിൽ നിലവിലുള്ള അരി വിഹിതത്തിന് പുറമെ ലഭ്യമാക്കി. വെള്ള (Non Priority Non-Subsidy) കാർഡിന് ആകെ 15 കിലോഗ്രാം അരിയും 10.90 രൂപ നിരക്കിൽ ലഭ്യമാക്കി. മഞ്ഞ (AAY) കാർഡിന് നിലവിലുള്ള 35 കിലോഗ്രാം സൗജന്യ ഭക്ഷ്യ ധാന്യങ്ങൾക്കു പുറമേ ഒരു കിലോ പഞ്ചസാര കൂടി ലഭ്യമാക്കി. കൂടാതെ സൗജന്യ ഭക്ഷ്യ കിറ്റും നൽകിയിട്ടുണ്ട്.

സർക്കാരിന്റെ വിപണി ഇടപെടൽ സംവിധാനം കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ട സമയം എന്ന നിലയിൽ, ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവ ചന്തകൾ ആരംഭിച്ച് കൂടുതൽ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാറുണ്ട്. ഈ ഓണക്കാലത്തും എല്ലാ ജില്ലകളിലും ജില്ലാ ഫെയറുകളും ജില്ലാ ഫെയറുകൾ ഇല്ലാത്ത 126 നിയോജക മണ്ഡലങ്ങളിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ഫെയറുകളും സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ അവശ്യ ഭക്ഷ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും യഥേഷ്ടം ലഭ്യമാക്കിയിട്ടുണ്ട്. 140 നിയോജക മണ്ഡലങ്ങളിലെയും ഉൾപ്രദേശങ്ങളിൽ സഞ്ചരിക്കുന്ന ഓണച്ചന്തകൾ എത്തി സബ്സിഡി സാധനങ്ങളുൾപ്പെടെ ജനങ്ങൾക്ക് ലഭ്യമാക്കി.

സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട, പുട്ടുപൊടി, അപ്പം പൊടി എന്നിവ പൊതു വിപണി വിലയേക്കാൾ ഏകദേശം 15 മുതൽ 35 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും നിത്യോപയോഗ സാധനങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി. ഓണക്കാലത്ത് സപ്ലൈകോ സ്വന്തം ബ്രാൻഡായ ശബരി സിഗ്നേച്ചർ കിറ്റ്, സമൃദ്ധി കിറ്റ് എന്നിവയും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സപ്ലൈകോ ഓണം സ്പെഷ്യലായി പച്ചരി, പുഴുക്കലരി എന്നിവ കിലോഗ്രാമിന് 25/- രൂപ നിരക്കിൽ കാർഡൊന്നിന് പരമാവധി 20 കിലോ വരെ അനുവദിച്ചു. നിലവിലെ വിഹിതമായ 8 കിലോഗ്രാമിന് പുറമേയാണിത്.

| | | | | |
|---|---|---|---|---|
| | | | | പൊതു വിപണിയിൽ വെളിച്ചെണ്ണ വില ക്രമാതീതമായി (ലിറ്ററിന് 529 രൂപയിലധികം) ഉയർന്ന സാഹചര്യത്തിൽ, 25-08-2025 മുതൽ റേഷൻ കാർഡ് ഉടമകൾക്ക് സ ബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെ ണ്ണ ലിറ്ററിന് 339/- രൂപ നിരക്കിലും പൊതു ജനങ്ങൾക്ക് നോൺ-സബ്സിഡി ശബരി വെളിച്ചെണ്ണ 1 ലിറ്ററിന് 389/ രൂപ നിരക്കിലും സപ്ലൈകോ വിൽപ്പനശാലകൾ വഴി ലഭ്യമാക്കി. കൂടാതെ 25-08-2025 മുതൽ റേഷ ൻ കാർഡ് ഉടമകൾക്ക് ആഗസ്റ്റ് മാസത്തെ സബ്സിഡിയുൾപ്പെടെയുള്ള ശബരി വെളിച്ചെണ്ണയോടൊപ്പം സെപ്റ്റംബർ മാസ ത്തെയും വാങ്ങുന്നതിനുള്ള സൗകര്യമൊരു ക്കി. ഇതിനു പുറമേ സെപ്റ്റംബർ 3, 4 തീയത കളിൽ സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് 1500/- രൂപയോ അതിൽ കൂടുതലോ തുകയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക ഓഫറായി 1 ലീറ്ററിന് 339/- രൂപ നിരക്കിൽ ശബരി വെളിച്ചെണ്ണ നൽകി. കേര വെളിച്ചെണ്ണ പരിമിതപ്പെടുത്താതെ ആവശ്യാനുസരണം ഉപഭോക്താക്കൾക്ക് ലഭ്യമാക്കി (429 രൂപ).<br><br>AAY കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 14 അവശ്യ സാ ധനങ്ങൾ അടങ്ങിയ ഓണക്കിറ്റുകളും PHH കാർഡ് ഉടമകൾക്കു നോർമൽ അരി വിഹി തത്തിന് പുറമെ 10.90/Kg എന്ന നിരക്കിൽ 5 Kg അരിയും NPS കാർഡ് ഉടമകൾക്കു നോർമൽ അരി വിഹിതത്തിന് പുറമെ 10.9 0/Kg എന്ന നിരക്കിൽ 10 Kg അരിയും NPNS കാർഡ് ഉടമകൾക്കു നോർമൽ അരി വി ഹിതത്തിന് പുറമെ 10.90/Kg എന്ന നിരക്കിൽ 15 Kg അരിയും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നാല് പേർക്ക് ഒരു കിറ്റ് എന്ന നിലയിൽ സൗജന്യ ഭക്ഷ്യ കിറ്റുകളും നല്കി. സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും സൗജന്യഭക്ഷ്യ കിറ്റുകൾ നല്കി. |

സെക്ഷൻ ഓഫീസർ